


From

**Rasheed C.**
Tholiyanikarayil House
Anappara,
Pathanamthitta - 689 645

To

**State Public Information Officer**
State Information Commission Office
Thiruvananthapuram

വിഷയം: **വിവരാവകാശ നിയമം - 05**

സർ,

അങ്ങയുടെ ഓഫീസിൽ താഴെ പറയുന്ന നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള പരാതികളുടെ ഓഫീസ് കുറിപ്പ് ഉൾപ്പെടെ നാളിതുവരെ ഉണ്ടായിട്ടുള്ള മുഴുവൻ കത്തിടപാടുകളുടെയും നടപടികളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകുവാൻ വിനീതമായി അപേക്ഷിക്കുന്നു.

11451/04/SIC-Gen 1/09 - M.O, P.TA
12581/02/SIC-Gen 2/09 S.P, P.TA
11719/03/SIC-Gen/08 - ~~M.O. P.~~TA
12247/01/SIC Gen 2/09 - M.O. P.TA
12288/02/SIC-Gen 2/09 [illegible]
9865/02/SIC-Gen 2/09 - D.M.O

എന്ന്

12-12-2009
പത്തനംതിട്ട

റഷീദ് സി.

AP(R)
IC(V)
Gen-I

നമ്പർ-ജി2-10579/09

നഗരസഭാ കാര്യാലയം,
പത്തനംതിട്ട
തിയതി- 3/11/09

12832

പ്രേഷിതൻ
മുനിസിപ്പൽ സെക്രട്ടറി
(അപ്പീൽ അധികാരി)
പത്തനംതിട്ട നഗരസഭ

Courier
112 9179212

സ്വീകർത്താവ്
സെക്രട്ടറി
സംസ്ഥാന വിവരാവകാശ കമ്മീഷൻ
കേരളം
തിരുവനന്തപുരം- 695039

സർ,

വിഷയം-പത്തനംതിട്ട നഗരസഭ-വിവരാവകാശ അപ്പീൽ മറുപടി അയയ്ക്കുന്നത് സംബന്ധിച്ച്

സൂചന-1)അങ്ങയുടെ 24/10/09 ലെ 11451/ SIC-Genl/2009-ാം (അപ്പീൽ നമ്പർ-1255(4)/2009/ SIC ) നമ്പർ കത്ത്.

മേൽ സൂചന അപ്പീലിനുള്ള റിപ്പോർട്ട് ഇതോടൊപ്പം അയച്ചുകൊള്ളുന്നു.

ശ്രീ.റഷീദ്.സി. തോലിയാനിക്കരയിൽ വീട് , ആനപ്പാറ, പത്തനംതിട്ട എന്നയാൾ 35 ചോദ്യങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് 10/06/2008 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന് 9.07.2008 ൽ മറുപടി നൽകിയിരുന്നു. ഇതിന്മേൽ കക്ഷി സമർപ്പിച്ച അപ്പീൽ ബഹു. കമ്മീഷന്റെ നിർദ്ദേശാനുസരണം 27/01/2009 ൽ തിരുത്തി മറുപടി നൽകിയിരുന്നു. ടി 35 ചോദ്യങ്ങളിൽ 7 എണ്ണം രണ്ടായി ഗ്രൂപ്പ് ചെയ്തുകൊണ്ടും കൂടാതെ 3 പുതിയ ചോദ്യങ്ങൾ കൂടി ചേർത്തുകൊണ്ടും ടിയാൻ 24.04.09 ൽ നഗരസഭയിൽ വീണ്ടും വിവരാവകാശ പ്രകാരം അപേക്ഷ നൽകുകയും തനിക്ക് 22/05/09 ൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 02.07.09 ൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തിരുന്നു. അപ്പീൽ ഗൗരവമായി പരിഗണിക്കുകയും എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി തയ്യാറാക്കി സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ്-ൽ 05/08/09 ൽ അയച്ചുകൊടുക്കുകയും ചെയ്തിരുന്നു.

7/11
17/11/09

ശ്രീ.റഷീദ് ബഹു.കമ്മീഷനിൽ സമർപ്പിച്ചിട്ടുള്ള അപ്പീലിൽ 27/01/09 ലെ ഏ2-11175/08 നമ്പർ മറുപടിയിൽ 22-ാം ചോദ്യത്തിന് വ്യക്തമായ മറുപടി നൽകിയിരുന്നില്ല എന്നാണ് പരാതിപ്പെട്ടിട്ടുള്ളത്. ഇത് വാസ്തവമാണ് എന്ന് കാണുന്നു. എന്നാൽ യഥാസമയം രണ്ടാം അപ്പീൽ സമർപ്പിക്കാതെ , തന്റെ ചോദ്യങ്ങൾ എല്ലാം കൂടി കൂട്ടിയിണക്കി സങ്കീർണ്ണമാക്കിക്കൊണ്ടാണ് വീണ്ടും വിവരാവകാശ അപേക്ഷ കക്ഷി സമർപ്പിച്ചിരുന്നത് എന്ന് ബോധിപ്പിക്കുന്നു . ഇതിന് നൽകിയ മറുപടിയും വ്യക്തമായതായിരുന്നില്ല എന്നത് ബോദ്ധ്യപ്പെട്ടതിന് അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് 5/08/09 അപ്പീൽ മറുപടി നൽകിയിട്ടുള്ളതാണ്.

(മറുപുറം)

സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിങ്ങിൽ അയച്ച ടി മറുപടി ലഭിച്ചില്ലായിരുന്നുവെങ്കിൽ കക്ഷി കമ്മീഷനെ സമീപിക്കേണ്ടിയിരുന്നത് ടി വിഷയങ്ങൾക്കുള്ള മറുപടികൾക്ക് വേണ്ടിയാകണമായിരുന്നു. എന്നാൽ 27/01/09 ൽ നൽകിയ 35 ചോദ്യങ്ങൾക്കുള്ള മറുപടിയിൽ ഖണ്ഡിക **22** മാത്രമാണ് ടിയാൻ ഉന്നയിച്ചിട്ടുള്ളത്. 24/4/09 ൽ നഗരസഭയിൽ **നിന്ന്** ആവശ്യപ്പെട്ട മറ്റ് വിഷയങ്ങൾ സൗകര്യപൂർവ്വം ഇപ്പോൾ ഒഴിവാക്കിയിരിക്കുന്നു. ടി യ്ക്കുള്ള മറുപടികൾ തനിക്ക് ലഭ്യമായിരുന്നതുകൊണ്ടാണ് ഇപ്രകാരം ചെയ്തിട്ടുള്ളത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നഗരസഭയിൽ നിന്നുള്ള 5/08/09 ലെ മറുപടിയ്ക്കെതിരെ കുറച്ച് ദിവസങ്ങൾക്ക് ശേഷം കമ്മീഷനെ സമീപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടാവണം. ലഭിച്ച വിവരങ്ങൾ ലഭിച്ചില്ല എന്ന് അറിയിച്ചുകൊണ്ട് കമ്മീഷനെ തെറ്റിദ്ധരിപ്പിച്ചിട്ടുള്ളതായി സംശയിക്കേണ്ടിയിരിക്കുന്നു. അപേക്ഷകൻ രണ്ടാം അപ്പീൽ നൽകുന്നത് സംബന്ധിച്ച് ബോധവാനാണെന്ന് അംഗീകരിക്കുന്നുണ്ട്. 10/06/2008 ൽ കക്ഷി സമർപ്പിച്ച അപേക്ഷ, അപ്പീൽ മറുപടി എന്നിവയെല്ലാം കമ്മീഷനു മുൻപിൽ വിശദീകരിച്ചിട്ടുണ്ടെങ്കിലും 24/04/ 09 ൽ 22-ാം ഖണ്ഡിക ഉൾപ്പെടെയുള്ള വിഷയങ്ങളിൽ മറുപടി ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷയോ മറ്റ് വിവരങ്ങളോ സൂചിപ്പിക്കാതെ ഗോപ്യമാക്കി വച്ചിരിക്കുകയാണ്. ഇതിലെ വിഷയങ്ങളിൽ ഒരെണ്ണം ചൂണ്ടിക്കാണിച്ചുകൊണ്ട് വീണ്ടും കമ്മീഷന് അപ്പീൽ നൽകുന്നതിനുള്ള ദുരുദ്ദേശം മാത്രമാണ് കക്ഷിയ്ക്ക് ഉള്ളത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കൂടാതെ കോപ്പി ഫീസിനത്തിൽ തുക അടയ്ക്കുന്നതിനുള്ള നിർദ്ദേശം പാലിക്കാതിരിക്കാൻ മറുപടി ലഭിച്ചിട്ടില്ല എന്ന് പറഞ്ഞുകൊണ്ട് അപ്പീൽ സമർപ്പിക്കുന്നതിനും സാദ്ധ്യതയുണ്ട്

നിർദ്ദേശാനുസരണം എ2-11175 നമ്പർ അപ്പീലിന് നൽകിയ മറുപടി , 24/4/09 ലെ അപേക്ഷ ഫയൽ ജി1-3449/09, 2/07/09 ലെ അപ്പീൽ ഫയൽ ജി1-5367/09, യു.സി.പി രേഖ എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം അയച്ചുകൊള്ളുന്നു.

MUNICIPAL OFFICE
Pin 689 645
PATHANAMTHITTA

വിശ്വസ്തതയോടെ

മുനിസിപ്പൽ സെക്രട്ടറി

ഉള്ളടക്കം-ശ്രീ.റഷീദ്.സി
തോലിയാനിക്കരയിൽ, ആനപ്പാറയക്ക്
അയച്ചുകൊടുത്ത മറുപടിയുടെ പകർപ്പുകൾ
ജി1-3449/09, ജി1-5367/09 നമ്പർ ഫയലുകളുടെ പകർപ്പുകൾ

Copy issued under RTI Act, on 20/1/2010